പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5522** **04-07-2013- ൽ മറുപടിയ്ക്ക്**

**ആർ.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ആർ.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുളങ്ങൾ ഈ സർക്കാർ അധികാരമേറ്റശേഷം നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചു; എത്ര കോടി രൂപ ആകെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം RRR പദ്ധതിയിൽ ഉൾപ്പെടുത്തി 134 കുളങ്ങൾ നവീകരിക്കുന്നതിനായി 29 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു. തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല |
| (സി) ഒരു കുളത്തിന്റെ നവീകരണത്തിനുപോലും ഫണ്ട് നൽകാത്ത എത്ര മണ്ഡലങ്ങൾ പാലക്കാട് ജില്ലയിലുണ്ടെന്നുള്ള വിവരം നൽകുമോ ; | (സി) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച കുളങ്ങളുടെ നവീകരണ പ്രവൃത്തികളിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, തരൂർ. കോങ്ങാട് എന്നീ മണ്ഡലങ്ങൾ ഉൾപ്പെടുന്നില്ല. |
| (ഡി) രൂക്ഷമായ വരൾച്ച അനുഭവിച്ച പാലക്കാട് ജില്ലയിലെ അസംബ്ളി നിയോജകമണ്ഡലങ്ങളിൽ ഒരു കുളത്തിനുപോലും അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുളങ്ങളുടെ നവീകരണത്തിനായി RRR പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയ്ക്ക് 293.55 ലക്ഷം രൂപയുടേയും ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 101.80 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**